**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2998** **13-10-2021 - ൽ മറുപടിയ്ക്ക്**

**വനിതാ യൂത്ത് ഹോസ്റ്റലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനിതാ യൂത്ത് ഹോസ്റ്റലുകൾ പ്രവർത്തിച്ച് വരുന്നുണ്ടോ; | (എ) | കായികയുവജനകാര്യ വകുപ്പിന് കീഴിൽ വനിതാ യൂത്ത് ഹോസ്റ്റലുകൾ നിലവിലില്ല. |
| (ബി) | എല്ലാ ജില്ലകളിലും വനിതാ യൂത്ത് ഹോസ്റ്റൽ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കായികയുവജനകാര്യ വകുപ്പിന് കീഴിൽ വനിതാ യൂത്ത് ഹോസ്റ്റലുകൾ നിലവിലില്ല. |
| (സി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ യാത്ര ചെയ്യുന്ന യുവതി-യുവാക്കൾക്ക് താമസിക്കുന്നതിനായി ഹോസ്റ്റൽ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | 2022-23 സാമ്പത്തിക വർഷം ഒരു ജില്ലയിൽ ഒരു വനിതാ യൂത്ത് ഹോസ്റ്റൽ വീതം ആരംഭിക്കുന്നതിനുള്ള കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പദ്ധതി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ Working Women’s ന് താമസിക്കുന്നതിനായി കേന്ദ്ര സർക്കാർ പദ്ധതിയായ Working Women’s Hostel പദ്ധതി വനിത വികസന കോർപ്പറേഷൻ, സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് എന്നീ സ്ഥാപനങ്ങൾ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്നു. കൂടാതെ രാത്രികാലങ്ങളിൽ സ്ത്രീകൾക്കും കൂടെയുള്ള 12 വയസ്സിനു താഴെ പ്രായമുള്ള ആൺ കുട്ടികൾക്കും സൗജന്യമായി സംരക്ഷണം നൽകുന്നതിനുള്ള "എന്റെ കൂട്" പദ്ധതി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലും സ്ത്രീകൾക്ക് പരമാവധി 3 ദിവസം വരെ താമസിക്കുന്നതിന് കുറഞ്ഞ നിരക്കിൽ തുക ഈടാക്കി One Day Home പദ്ധതി തിരുവനന്തപുരം ജില്ലയിലും പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | നിലവിൽ പ്രവർത്തിക്കുന്ന യൂത്ത് ഹോസ്റ്റലുകളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ? | (ഡി) | കായികയുവജനകാര്യ വകുപ്പിന് കീഴിൽ വനിതാ യൂത്ത് ഹോസ്റ്റലുകൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ